# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass SCRIPTURE READINGS**

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

മംഗളവാർത്ത രണ്ടാം ഞായർ

2023 ഡിസംബർ 10




## അന്ധമായ അനുസരണമല്ല ബോധ്യത്തിൽ നിന്ന് ഉയരുന്ന ധൈര്യമാണ് വിശ്വാസം

**ഉത്പ 3:8 – 24; ജറെ 33:14 – 26; വെളി 5:1 – 5; ലൂക്കാ 1:26 – 38**

### ദൂത്

നാലു വശവും വെള്ളത്താൽ ചുറ്റപ്പെട്ട ഗ്രാമത്തിലെ കുട്ടിക്കാലത്തെ ഓർമ്മയാണ്. ടെലഫോൺ സിനിമകളിൽ മാത്രം കണ്ട കാലമാണേയ്. മറുകരകളിൽ നിന്ന് ചിലപ്പോഴൊക്കെ ദൂതുമായ് നാട്ടിലേക്ക് ആളുകൾ എത്തും. മംഗളവാർത്തയാണ് വന്നതെങ്കിൽ അയൽപക്കങ്ങളിലേക്ക് ചെറുപയറും അരിയും ചേർത്ത് വച്ച പായസമെത്തും. മറിച്ചാണെങ്കിൽ നില വിളി ഉയരും. ഇന്നത്തെ വചനവായനയും ഒരു ദൂതിനെ കുറിച്ചാണ്. അന്നൊക്കെ ആകാശത്തിന്റെ ചെരുവിൽ ഒരു കോവണി ഉണ്ടായിരുന്ന ത്രെ. അതിലൂടെ ഏഴ് മാലാഖകൾ ദൈവത്തിനും, ദൈവത്തിൽ മാത്രം ആശ്രയിച്ച് ജീവിക്കുന്ന മനുഷ്യർക്കുമിടയിൽ അഞ്ചൽക്കാരെ കണക്ക് തിടുക്കപ്പെട്ട് ഓടി നടക്കുകയും ചെയ്തിരുന്നത്രെ. അവരിൽ പ്രധാനി യായ ഗബ്രിയേൽ എന്ന മാലാഖയെയാണ് സ്നാപകന്റെയും ഈശോ യുടെയും ജനനത്തെക്കുറിച്ച് അറിയിപ്പ് നൽകാൻ നിയോഗിക്കപ്പെടുന്നത്. ദൈവദൂതനും മറിയവും തമ്മിലുള്ള സംഭാഷണമാണ് ഈ വചനഭാഗം.

### ഇരവിലും പകലിലും കാക്കുന്ന ദൈവകൃപ

വേദപുസ്തകത്തിൽ മാലാഖയുടെ പ്രത്യക്ഷം മുതൽ പിൻവാങ്ങൽ വരെയുള്ള ഓരോ വരിയും അതീവ സുന്ദരമാണ്. ദൈവനാമത്തിൽ അഭിവാദനം ചെയ്തശേഷം തന്നെ ഏൽപ്പിക്കപ്പെട്ട സന്ദേശം മാലാഖ, മറിയത്തെ അറിയിക്കുന്നു. ദൈവിക ദൂത് കേട്ട് പരിഭ്രമിക്കുകയും, ഇതെങ്ങനെ സംഭവിക്കുമെന്ന് ആശ്ചര്യപ്പെടുകയും ചെയ്ത മറിയത്തെ മാലാഖ ധൈര്യപ്പെടുത്തുന്നുണ്ട്. പഴയ നിയമത്തിലെ തുടർച്ചപോലെ ഗബ്രിയേൽ ദൂതൻ പറയുന്നു: അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും.

വേദം തുടങ്ങുന്നതും ഇങ്ങനെ തന്നെയാണല്ലോ! തലകൊണ്ട് ജീവിക്കുന്ന പുരുഷനെയും ഹൃദയംകൊണ്ട് ജീവിക്കുന്ന സ്ത്രീയെ




**മരിയ റാൻസം**

യും ഇരുവശങ്ങളിലായി ചേർത്ത് പിടിച്ച് ദൈവം ഉലാത്തിയിരുന്നു വത്രെ. കൂടെ നടക്കുന്ന ദൈവം. വേദപുസ്തകത്തിന്റെ ഓരോ താളിലും കൂടെയുള്ള ഈ ദൈവത്തെകുറിച്ച് ഒരു വരിയെങ്കിലും നിശ്ചയമായും കാണാം. ഉടപ്പിറപ്പിന്റെ ജീവനെടുത്ത കായേന് അകമ്പടി പോകുന്ന, പകൽ മേഘമായും രാത്രിയിൽ അഗ്നിയായും കൂടെയുള്ള ദൈവം. ഉറ്റവരെല്ലാം എതിര് നിന്ന മറ്റൊരു ചെറുപ്പക്കാരൻ - ജോസഫ് - ഇടറി പ്പോകാമായിരുന്ന ഇടങ്ങളിൽ നിന്നെല്ലാം യഹോവയുടെ കരം അവനെ കാക്കുന്നു. സങ്കടങ്ങളിലും ഖേദങ്ങളിലും ക്ഷോഭങ്ങളിലും മനുഷ്യരെ ധൈര്യപ്പെടുത്തുന്ന സുവിശേഷം.

ദൈവദൂതിന്റെ നിമിഷം മുതൽ പകൽ മേഘമായും രാത്രി അഗ്നി യായും ആ സ്നേഹം മറിയത്തെ പൊതിഞ്ഞിരുന്നുവെന്ന് ഉറപ്പാണ്. കാരണം, ദൈവകൃപ നിറഞ്ഞവളേ എന്ന വാഴ്ത്തിന്, വ്യാകുലത്തിന്റെ അമ്മരൂപം എന്ന് കൂടി അർത്ഥമുണ്ടായിരുന്നല്ലോ? അസാധാരണ സംഭ വങ്ങൾകൊണ്ട് ഓരോ നാഴികയും നെയ്ത്തിരിപോലെ എരിഞ്ഞു കത്തിയ മറിയം, ഉലയാതെ നിന്നത് ഈ അത്യുന്നത ശക്തികൊണ്ട് മാത്രമാ ണെന്ന് അടിവരയിടുന്ന സംഭവങ്ങൾ അനവധിയാണ്. ദൈവപുത്രന്റെ ജനനംമുതൽ മരണംവരെ മാത്രമല്ല, മരണത്തിന് ശേഷവും മറിയ ത്തിന്റെ സാന്നിദ്ധ്യം നമുക്ക് കാണാം. പരസ്യജീവിതത്തിന്റെ ആരംഭം മുതൽ ഈശോയുടെ മഹാപ്രഭാവത്തിനൊപ്പം നടന്നിരുന്നത് ശിഷ്യരും, വലിയ ജനക്കൂട്ടവുമായിരുന്നു. ഒരു വിളിപ്പാടകലെ തന്നെ മറിയം ഉണ്ടാ യിരുന്നു എന്ന് അറിയുന്നത് പീഡാനുഭവത്തിലാണ്. കൂടെയുണ്ടായിരു ന്നവരെല്ലാം ഓടി ഒളിച്ച വഴികളിൽ, പരിശുദ്ധ അമ്മ ഈശോയ്ക്കൊ പ്പമുണ്ട്. സ്വർഗ്ഗം തന്നെ ഏൽപ്പിച്ചവൻ ആകാശത്തിനും ഭൂമിക്കും മധ്യേ ചോരവാർന്ന് മരിച്ച കാഴ്ചയുടെ മുറിവ് ആറുന്നതിന് മുൻപേ, ശിഷ്യരെ മറിയം സെഹിയോൻ ശാലയിലേക്ക് തടുത്തു കൂട്ടുന്നു. വല്ലാതെ അത്ഭുത പ്പെടുത്തുന്ന കാരുണ്യമാണിത്. ‘കൊണ്ട് നടന്നതും നീയേ ചാപ്പാ കൊണ്ട് പോയി കൊല്ലിച്ചതും നീയേ’ എന്നൊരു അമ്മനിലവിളി ഉയരേണ്ട ഇടം ധ്യാനത്തിന്റെ ശാന്തതയുടെ ഇടമായി മാറുന്നു. അവിടേയും അത്യുന്ന തന്റെ ശക്തി പ്രാവിന്റെ രൂപത്തിൽ പറന്നിറങ്ങുന്നത് കാണാം.

വിശ്വാസമൊക്കെ ഒരു വൈകാരിക അനുഭൂതിയായി ഉൾക്കന മില്ലാതെ പതഞ്ഞു പൊങ്ങുന്ന ഈ കാലഘട്ടം മറിച്ചൊരു വിചാരം നിശ്ച യമായും ആവശ്യപ്പെടുന്നുണ്ട്. സ്വന്തം ഇഷ്ടങ്ങളുടെ വഴി വെട്ടി മുന്നേറു ന്നവരുടെ പ്രയാണത്തിന് ചൂട്ട് കത്തിച്ച്, കുട പിടിച്ച് നൽകുന്നവനല്ല ദൈവം. ആത്മാവിന്റെ ഇടർച്ചകളിൽ കൂട്ടുവരുന്ന, എന്റെ പാദം കല്ലി ന്മേൽ തട്ടാതിരിക്കാൻ ദൂതന്മാരെ നിശ്ചയിച്ചു തരുന്ന, ജീവിത വഴിയിൽ ഇടത്തേക്കോ വലത്തേക്കോ എന്ന് അമ്പരക്കുമ്പോൾ ഇതാ നിന്റെ വഴി എന്ന മൃദുമന്ത്രണമാണത്. വ്യക്തിപരമായി മാത്രം ലാഭമുള്ള കുടില തന്ത്രങ്ങൾ പോലും, ഇന്ന് ഉന്നതങ്ങളിൽ നിന്നുള്ള കൃപയായി അവ തരിപ്പിക്കുന്നത് - അനുനിമിഷം തമ്പുരാനോട് ആമേൻ ആമേൻ എന്ന് മാത്രം പറഞ്ഞ - മറിയത്തിന്റെ പേരിലാകുന്നത് എന്തൊരു വിരോധാ ഭാസമാണ്.

## സന്ദേശവാഹകർ

ഇതെങ്ങനെ സംഭവിക്കുമെന്ന് സംശയിക്കുന്ന മറിയത്തോട് മാലാഖ കൂട്ടിച്ചേർക്കുന്നു. നിന്റെ ചാർച്ചക്കാരി എലിസബത്ത് വാർദ്ധക്യ ത്തിൽ ഒരു മകനെ ഗർഭം ധരിച്ചിരിക്കുന്നു. മച്ചി എന്ന് പറഞ്ഞവൾക്ക് ഇത് ആറാം മാസം. ദൈവത്തിന് ഒരു കാര്യവും അസാധ്യമല്ലല്ലോ? തുടർന്ന് നമുക്കു കാണാം, വിശ്വാസത്തിന് അനുപാതമായ ബോധ്യത്തിൽ നിന്നും മറിയം പ്രത്യുത്തരിക്കുന്നു. ഇതാ കർത്താവിന്റെ ദാസി! ഇതെങ്ങനെ സംഭവിക്കുമെന്ന സംശയമകന്ന്, മറിയം ഹൃദയംകൊണ്ട് ആമേൻ എന്ന് മന്ത്രിച്ചതിനു ശേഷമാണ് കന്യക ഗർഭം ധരിക്കുക എന്ന അസാധ്യത സാധ്യമായതെന്ന നനവുള്ള ഒരു വ്യാഖ്യാനം ഈയിടെ കേട്ടു. കാരണം അലസർക്കുള്ളതല്ല വിശ്വാസ ജീവിതത്തിന്റെ ക്രമം. തീയിൽ എരിയാത്ത മുൾപടപ്പ്, നിർമ്മലദന്തം കൊണ്ടുള്ള കോട്ട, മറിയത്തിന്റെ കരുത്തിനെ കുറിച്ച് ലുത്തിനിയകൾ അനവധിയാണ്.

ഇപ്രകാരംതന്നെ വിശ്വാസി മുട്ടിത്തുറക്കേണ്ട വാതിലും, അന്വേ ഷിച്ച് കണ്ടെത്തേണ്ട ഒറ്റയടിപ്പാതയും തന്നെയാണ് ദൈവം. സഭയിലും സമൂഹത്തിലും വ്യക്തി ജീവിതത്തിലും ഈ തീക്ഷ്ണത ആവശ്യമുണ്ട്. പ്രതിസന്ധികളുടെയും പരിഭ്രമങ്ങളുടെയും നേരത്ത് ഇതെന്തുകൊണ്ടെന്ന് ചോദ്യമുയർത്താനും കൂടെയുണ്ടെന്ന ദൈവസ്വരം ശ്രവിക്കാനും, ശേഷം ആമേൻ പറയാനും കഴിഞ്ഞാൽ, ഉന്നതങ്ങളിലേക്ക് കരേറ്റപ്പെടാനുള്ള യോഗ്യത നമുക്കും ലഭിക്കും. അതാണല്ലോ ഓരോ ക്രൈസ്തവനുമുള്ള വിളി. മാലാഖമാർ പിന്നീടെപ്പോഴോ ഭൂമിയിലേക്കുള്ള വരവ് നിറുത്തിയത്രെ.

പകരം ആകാശത്തിന്റെ ചെരുവിൽ പ്രാർത്ഥനയാകുന്ന കോ വണി ദൈവം ചാരി വച്ചു. സങ്കടങ്ങളിലും ഖേദങ്ങളിലും ക്ഷോഭങ്ങളിലും പെട്ടു പോകുന്നവരോട് ധൈര്യത്തിന്റെ സുവിശേഷം- അത്യുന്നതന്റെ കൃപ കൂടെയുണ്ടെന്ന് -അറിയിക്കാൻ മനുഷ്യർക്ക് തന്നെ കൃപയും നൽകി. മലയാള സിനിമയിലെ സുന്ദരമായ ഒരു പാട്ടിന്റെ വരികൾ ഇങ്ങനെ യാണ്, “ശ്യാമമേഘമേ നീയെൻ പ്രേമ ഭൂതുമായ് ദൂരേ പോയ് വരൂ” പാടുന്നത് ഉടയവനെന്നും ശ്യാമമേഘം ഈയുള്ളവരെന്നും വെറുതെ ഒന്ന് സങ്കൽപ്പിച്ചേ.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com